III സബ്മിഷൻ

(1) കിടങ്ങൂർ എൻ. എസ്. എസ്. സ്കൂളിലെ ഒരു വിഭാഗം വിദ്യാർത്ഥികളും ദേശീയഗാനം ചൊല്ലുകയില്ലെന്ന പത്രവാർത്ത

ശ്രീ. വി. സി. കബീർ: ജൂലൈ 18-ാം തീയതിയിലെ 'മാതൃഭൂമി' ദിനപ്പത്രത്തിൽ വന്ന ഒരു വാർത്തയെക്കുറിച്ചാണ് അങ്ങയുടെയും സഭയുടെയും ശ്രദ്ധയിൽ കൊണ്ടുവരാൻ ഞാൻ ആഗ്രഹിക്കുന്നത്. സ്കൂളുകളിൽ ദേശീയഗാനങ്ങളും ചൊല്ലണമെന്നുള്ളത് നിർബന്ധമാണ്. കോട്ടയം ഡിസ്ട്രിക്ടിൽ കിടങ്ങൂർ എൻ. എസ്. എസ്. സ്കൂളിലെ ഒരു വിഭാഗം കുട്ടികളും എന്തുവന്നാലും ഞങ്ങളും ദേശീയഗാനം ചൊല്ലുകയില്ല എന്നു പറയുകയും അതിനെ തുടർന്ന് സ്കൂളിൽ ചില പ്രശ്നങ്ങളും ഉണ്ടാകുകയും ചെയ്തു. ഒരു പ്രൈവറ്റ് കോളേജിലെ പ്രൊഫസർ അവിടെച്ചെന്ന് ഞങ്ങളുടെ കുട്ടികളും ദേശീയഗാനം ചൊല്ലാൻ ഇഷ്ടപ്പെടുന്നില്ല, ചൊല്ലുകയില്ല എന്നു പറഞ്ഞു. നമ്മുടെ രാജ്യസ്നേഹത്തോടുള്ള ഏറ്റവും വലിയ വെല്ലുവിളിയാണ് ഇത്. ഇത് അവസാനിപ്പിക്കുന്നതിന് കർശനമായ നടപടി ഉണ്ടാകണമെന്ന് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയോട് ഞാൻ അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): സർ, കിടങ്ങൂർ എൻ. എസ്. എസ്. സ്കൂളിൽ ഇങ്ങനെ ഒരു സംഭവമുണ്ടായിട്ടുണ്ട്. ദേശീയഗാനം പാടരുതെന്ന് ഒരു ഭാരതീയപൗരൻ പറയുന്നത് അത്ര നിസ്സാരമായിട്ടുള്ള കാര്യമല്ല. അവിടെ ദേശീയഗാനം ആലപിച്ചപ്പോൾ ഒരു പ്രത്യേക സമുദായത്തിലെ കുറെ കുട്ടികളും ദേശീയഗാനം പാടുകയില്ലെന്ന് പറഞ്ഞു. പാടണമെന്നു പറഞ്ഞപ്പോൾ അവർ ആദ്യം സ്കൂളിൽ വന്നില്ല. അതിനു ശേഷം ഹെഡ്മിസ്ട്രസ് എല്ലാ കുട്ടികളും ദേശീയഗാനം പാടിയേ പറ്റൂ എന്നു പറഞ്ഞപ്പോൾ മാന്നാനം കെ. ഇ. കോളേജിലെ ഒരു പ്രൊഫസർ അവിടെച്ചെന്ന് തങ്ങളുടെ കുട്ടികൾ (20 കുട്ടികളാണ്) ദേശീയഗാനം പാടുകയില്ല, അവർ ഏകലോകം, ഏകദൈവം എന്ന് വിശ്വസിക്കുന്നവരാണെന്ന് പറഞ്ഞു. അവർ ഒരു ലോകമായിട്ടാണ് മുഴുവനും കാണുന്നത്. ഇന്ത്യ എന്നു പറയുന്ന പ്രത്യേക ഒരു രാജ്യത്തിനേറ്റതാണ് ദേശീയഗാനം. ഇന്ത്യയുടെ ഗാനമാണ് ദേശീയഗാനം. അതുകൊണ്ട് ലോകം മുഴുവനും ഒന്നായി കാണുന്ന ഞങ്ങൾക്ക് ലോകം മുഴുവൻ ഒരു ദൈവമാണെന്ന് ആരാധിക്കുന്ന ഞങ്ങൾക്ക് ഇത് സാദ്ധ്യമല്ലെന്നു പറഞ്ഞു. ഹെഡ്മിസ്ട്രസ് അങ്ങനെയൊരു നിലപാട് സ്വീകരിക്കുന്നത് ശരിയല്ലെന്നു പറയുകയുണ്ടായി. അവസാനം പ്രൊഫസർ പറഞ്ഞിട്ട് പോയത് ദേശീയഗാനം പാടുമ്പോൾ മിണ്ടാതെ അവിടെ നിൽക്കും, അവർ ദേശീയഗാനം പാടുകയില്ല എന്നാണ്. എന്താണെങ്കിലും വളരെ ഗൗരവമുള്ള ഒരു പ്രശ്നമായതുകൊണ്ട് ഞാൻ ഇന്നലെ ഡെപ്യൂട്ടി ഡയറക്ടറെ അവിടെ വിട്ട് അന്വേഷിപ്പിച്ചു. അദ്ദേഹത്തിന്റെ റിപ്പോർട്ട് വാങ്ങിയിട്ടുണ്ട്. തിരുവനന്തപുരത്തു നിന്നുതന്നെ ഉയർന്ന ഉദ്യോഗസ്ഥൻമാരെ ആരെയെങ്കിലും അവിടെ അന്വേഷിക്കുന്നതിനുവേണ്ടി അയയ്ക്കാമെന്നാണ് ഉദ്ദേശിക്കുന്നത്. ഒരു കോളേജ് പ്രൊഫസർകൂടി ഉൾപ്പെട്ടിരിക്കുന്നു. എങ്ങനെ നടപടികളും സ്വീകരിക്കാൻ കഴിയുമെന്നുള്ളത് ആലോചിക്കേണ്ടതാണ്. ഇങ്ങനെയൊരു സാഹചര്യം വന്നാൽ എന്തു നടപടികളും സ്വീകരിക്കാൻ കഴിയുമെന്നുള്ളത് പ്രത്യേകമായിട്ട് ആലോചിക്കേണ്ടതായിട്ടുണ്ട്. ആലോചിച്ച് വളരെ ഗൗരവമായിതന്നെ ഈ കാര്യം കണക്കിലെടുത്ത് നടപടികളും സ്വീകരിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. കെ. നായനാർ:—ആലോചിക്കേണ്ടതാണെന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്.

മി. സ്പീക്കർ:—ഇത് വളരെ ഗൗരവമുള്ള പ്രശ്നം തന്നെയാണ്.

ശ്രീ. ടി. എം. ജേക്കബ്:—അങ്ങയെക്കാൾ കൂടുതൽ ഗൗരവത്തോടുകൂടി തന്നെ ഈ പ്രശ്നം എടുത്തു. ഇവിടെ ശ്രീ. വി. സി. കബീർ ഇന്ന് സബ്മിഷൻ എഴുതിത്തന്നു. അതിനുമുമ്പ് മാതൃഭൂമി പത്രവാർത്ത കിട്ടിയ ഉടനെ ഈ കാര്യത്തിൽ നടപടി സ്വീകരിക്കണമെന്ന് പറഞ്ഞ് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർക്ക് നിർദ്ദേശം കൊടുത്തു. അതിന്റെ അടിസ്ഥാനത്തിലാണ് ഡെപ്യൂട്ടി ഡയറക്ടർ അവിടെ പോയി അന്വേഷിച്ചത്. അദ്ദേഹത്തിന്റെ അന്വേഷണ റിപ്പോർട്ട് ഇവിടെ കിട്ടുന്നുണ്ട്. ഇന്ന് വേറൊരു ഉയർന്ന ഉദ്യോഗസ്ഥനെ അയയ്ക്കാനാണ് തീരുമാനിച്ചത്. ഞാൻ ആലോചിക്കണമെന്ന് പറഞ്ഞത് നിയമപരമായി നടപടികളും സ്വീകരിക്കുന്നത് എങ്ങനെ ചെയ്യണമെന്നുള്ള കാര്യത്തെക്കുറിച്ചാണ്. നടപടി സ്വീകരിക്കണമെന്നുള്ള കാര്യത്തിൽ തർക്കമൊന്നുമില്ല. ശക്തമായിട്ടുള്ള നടപടികളും സ്വീകരിക്കുക തന്നെ ചെയ്യും.

ശ്രീ. എ. സി. ഷൺമുഖദാസ്:—പ്രശ്നം നീട്ടിക്കൊണ്ടുപോകരുത്. ഒരു കോളേജ് പ്രൊഫസറാണ് നേതൃത്വം കൊടുക്കുന്നത്. ഗൗരവത്തിലെടുക്കണം.

ശ്രീ. ടി. എം. ജേക്കബ്:—ഗവൺമെൻറ് വളരെ ഗൗരവമായിതന്നെ ഈ പ്രശ്നം എടുത്തിട്ടുണ്ട്, ഗൗരവമായിട്ടുതന്നെ നടപടി സ്വീകരിക്കും.

(2) കല്ലായിയിലെ മരവ്യവസായ തകർച്ച

ശ്രീ. എൻ. ചന്ദ്രശേഖരക്കുറുപ്പ്:—സർ, കോഴിക്കോട് കല്ലായിയിലെ മരവ്യവസായശാല ലോകത്തിലെതന്നെ രണ്ടാമത്തെ മരവ്യവസായശാലയായിരുന്നു. കല്ലായി, പള്ളിക്കണ്ടി, മാങ്കാവ്, പുതിയപാലം, മൂരിയാട്, പുതിയറ എന്നിവിടങ്ങളിലായി നൂറോളം ഫാക്ടറികളും അവിടെ പ്രവർത്തിച്ചിരുന്നു. ഏറ്റവും നൂതനമായ ഒരു പ്ലൈവുഡ് ഫാക്ടറിയും മുമ്പ് നിലവിലുണ്ടായിരുന്നു. ഒരുകാലത്ത് ഏകദേശം പതിനായിരത്തിൽപരം തൊഴിലാളികളും പ്രവർത്തിച്ചിരുന്ന സ്ഥലത്ത് ഇപ്പോൾ 5,000 തൊഴിലാളികളും മാത്രമാണ് പണിയെടുക്കുന്നത്. ഈ വ്യവസായമേഖലയിൽ ഇന്ന് ചുരുങ്ങിയ ദിവസം മാത്രമേ വ്യവസായം നടക്കുന്നുള്ളൂ. ഈ വ്യവസായശാല പുനരുദ്ധരിക്കുന്നതിനുവേണ്ടി കേരള അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റി വൈസ് ചാൻസലർ ശ്രീ. ടി. മാധവമേനോൻ ചെയർമാനായ ഒരു കമ്മിറ്റിയെ ഗവൺമെൻറ് നിയമിച്ചിരുന്നു. ഇത് പുനരുദ്ധരിക്കുന്നതിന് ഗവൺമെൻറിന്റെ മുമ്പിൽ വിവിധ തൊഴിലാളി യൂണിയനുകളും പല മെമ്മോറാണ്ടങ്ങളും സമർപ്പിച്ചിരുന്നു. 5-6-1985-ന് വനംവകുപ്പുമന്ത്രിക്കും 6-6-1985-ൽ വ്യവസായവകുപ്പുമന്ത്രിക്കും എല്ലാ വിഭാഗം തൊഴിലാളിയൂണിയനും കൂടി ഒരു മെമ്മോറാണ്ടം സമർപ്പിച്ചിരുന്നു. ഇപ്പോൾ ഇലക്ട്രിസിറ്റിയുടെ വയറിങ്ങ് മാറ്റി പുതിയ വയറിങ്ങ് നടത്താം എന്ന നിർദ്ദേശങ്ങളും ഇലക്ട്രിസിറ്റി വിഭാഗത്തിൽ നിന്നും വന്നതിന്റെ ഫലമായി പല ഫാക്ടറികളും പൂട്ടിക്കിടക്കുകയാണ്. കല്ലായി മരം വ്യവസായ ശാലക്ക് പുറം രാജ്യങ്ങളിൽ നിന്നും ഇന്ത്യക്കകത്തു നിന്നും വമ്പിച്ച ഡിമാൻറുകളും ഉള്ള പരിതസ്ഥിതിയിൽ ഇത് പുനരുദ്ധരിക്കാൻ തൊഴിലാളി യൂണിയനുകളും വച്ച ആറോളം നിർദ്ദേശങ്ങളും പരിഗണിച്ചുകൊണ്ട് ഏറ്റവും വേഗം ഇത് പുനരുദ്ധരിക്കാനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. ഇതിൽ വ്യവസായവകുപ്പിന് ഒരു

LIBRARY ARCHIVES Kerala Legislative Assembly